**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 443** **11-08-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊവിഡ് മഹാമാരിയെത്തുടർന്ന് നാട്ടിലേക്ക് മടങ്ങാൻ നിർബന്ധിതരായവരുടെ ബാഹുല്യം പരിഗണിച്ച് പ്രവാസി ക്ഷേമത്തിനായുള്ള വിവിധ പദ്ധതികൾ ഊർജ്ജിതമാക്കിയിരുന്നോ; | (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് നാട്ടിലേക്ക് മടങ്ങിയെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായിട്ടുള്ള വിവിധ പദ്ധതികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. തിരികെയെത്തുന്ന പ്രവാസികൾക്കായി നോർക്ക മുഖാന്തിരം നൽകുന്ന ആനുകൂല്യങ്ങളുടെ പദ്ധതി വിഹിതം നടപ്പ് സാമ്പത്തിക വർഷം വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രവാസി സമാശ്വാസ പുനരധിവാസ പദ്ധതികൾ കൂടുതൽ വിപുലീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി എന്ന പുതിയ സംരംഭത്തിന് 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2020 ജനുവരി 1 മുതൽ മെയ് 5 വരെ വിദേശത്തുനിന്നും മടങ്ങിയെത്തി ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്തവർക്ക് 5000/- രൂപ വീതം ധനസഹായം നൽകിയിരുന്നു. കോവിഡ് ബാധിച്ച പ്രവാസികളിൽ അർഹതയുള്ളവർക്ക് 1000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അത് പുതുക്കുന്നതിനുള്ള പലിശയും പിഴ പലിശയും നിശ്ചിത കാലത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | തിരികെയെത്തുന്ന പ്രവാസികളുടെ സംരംഭകത്വ സഹായത്തിനായി നടപ്പാക്കിവരുന്ന നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻസ് വിപുലീകരിച്ചിട്ടുണ്ടോ; സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഈ പദ്ധതി വഴി എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | തിരികെ എത്തുന്ന പ്രവാസികളുടെ സംരംഭകത്വ സഹായത്തിനായി നടപ്പിലാക്കിയിട്ടുള്ള നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രൻസ് പദ്ധതി വിപുലീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം വരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നതാണ്. സംരംഭകർക്ക് സെന്റർ ഫോർ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് ഡെവലപ്പ്മെന്റ് മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു. വിവിധ സംരംഭങ്ങൾക്ക് ഈ പദ്ധതി മുഖേന വായ്പ ലഭ്യമാക്കുന്നുണ്ട്. നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. |
| (സി) | പ്രവാസികൾക്കായുള്ള സാന്ത്വന പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കി എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ? | (സി) | 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ ആകെ 15,956 പേർക്കായി 95.25 കോടി രൂപ സാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ